സൂറഃ-7

# അൽ അഅ്റാഫ്

قَالَ يَـٰمُوسَىٰٓ إِنِّى ٱصْطَفَيْتُكَ عَلَى ٱلنَّاسِ بِرِسَـٰلَـٰتِى وَبِكَلَـٰمِى فَخُذْ مَآ
ءَاتَيْتُكَ وَكُن مِّنَ ٱلشَّـٰكِرِينَ ﴿١٤٤﴾

**144.** നാഥൻ പ്രസ്താവിച്ചു: അല്ലയോ മൂസാ, ഞാൻ നിന്നെ എന്റെ ദൗത്യം കൊണ്ടും ഭാഷണം കൊണ്ടും മറ്റു മനുഷ്യരേക്കാൾ വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. നിനക്കു നൽകുന്ന പ്രമാണങ്ങൾ കൈക്കൊള്ളുക. എന്നോട് നന്ദിയുള്ളവനായിരിക്കുക.

وَكَتَبْنَا لَهُۥ فِى ٱلْأَلْوَاحِ مِن كُلِّ شَىْءٍ مَّوْعِظَةً
وَتَفْصِيلًا لِّكُلِّ شَىْءٍ فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا۟ بِأَحْسَنِهَا ۚ
سَأُو۟رِيكُمْ دَارَ ٱلْفَـٰسِقِينَ ﴿١٤٥﴾

**145.** മൂസാക്കു നാം സകലതരം ഉപദേശങ്ങളും സമസ്ത സംഗതികളുടെയും വിശദീകരണവും ഫലകങ്ങളിൽ എഴുതിക്കൊടുത്തു. പിന്നീട് ആജ്ഞാപിച്ചു: ഇതിനെ മുറുകെപ്പിടിച്ചുകൊള്ളുക. അതിനെ ഏറ്റം നന്നായി കൈക്കൊള്ളാൻ നിന്റെ ജനത്തോടു കൽപിക്കുകയും ചെയ്യുക. അടുത്ത ഭാവിയിൽ നിങ്ങൾക്കു ഞാൻ ധിക്കാരികളുടെ ഗേഹം കാണിച്ചുതരുന്നുണ്ട്.

قَالَ = (നാഥൻ) പ്രസ്താവിച്ചു يَـٰمُوسَىٰٓ = അല്ലയോ മൂസാ إِنِّى = ഞാൻ ٱصْطَفَيْتُكَ = ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു

عَلَى ٱلنَّاسِ = (മറ്റു) മനുഷ്യരേക്കാൾ (ശ്രേഷ്ഠനായി) بِرِسَـٰلَـٰتِى = എന്റെ സന്ദേശം, ദൗത്യംകൊണ്ട്

وَبِكَلَـٰمِى = എന്റെ ഭാഷണം കൊണ്ടും فَخُذْ = അതിനാൽ നീ കൈക്കൊള്ളുക

مَآ ءَاتَيْتُكَ = ഞാൻ നിനക്കു നൽകുന്നത് (പ്രമാണങ്ങൾ) وَكُن = നീ ആവുക مِّنَ ٱلشَّـٰكِرِينَ = നന്ദിയുള്ളവരിൽ പെട്ടവൻ

وَكَتَبْنَا لَهُۥ = നാം അവന് (മൂസാക്ക്) എഴുതി (ക്കൊടുത്തു) فِى ٱلْأَلْوَاحِ = ഫലകങ്ങളിൽ

مِن كُلِّ شَىْءٍ = എല്ലാ ഓരോ വസ്തുവിലും പെട്ട (സകലതരം) مَّوْعِظَةً = ഉപദേശ(വും)മായി

وَتَفْصِيلًا = വിശദീകരണവുമായി لِّكُلِّ شَىْءٍ = എല്ലാ ഓരോ (സകല) സംഗതിയുടെയും

فَخُذْهَا = (എന്നിട്ട് നാം ആജ്ഞാപിച്ചു:) ഇതിനെ പിടിച്ചുകൊള്ളുക بِقُوَّةٍ = ശക്തിയോടെ, മുറുകെ وَأْمُرْ = നീ കൽപിക്കുക

قَوْمَكَ = നിന്റെ ജനത്തെ يَأْخُذُوا۟ = അവർ കൈക്കൊള്ളാൻ, എടുക്കാൻ بِأَحْسَنِهَا = അതിന്റെ ഏറ്റം ന(ന്നായി)ല്ലതുകൊണ്ട്

سَأُو۟رِيكُمْ = ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നുണ്ട് دَارَ ٱلْفَـٰسِقِينَ = ധിക്കാരികളുടെ ഗേഹം

**144:** പരിശുദ്ധത, സ്ഫുടത എന്ന അർഥത്തിലുള്ള صفاء-ൽ നിന്നുള്ള സകർമക ക്രിയയാണ് ٱصْطَفَيْتُكَ. പലതിൽനിന്ന് ഏറ്റവും നല്ലതും ശുദ്ധവുമായത് തെരഞ്ഞെടുക്കുന്നതിനും ഒന്നിനെ കളങ്കങ്ങൾ പോക്കി സ്ഫുടമാക്കിയെടുക്കുന്നതിനും ഈ വാക്ക് ഉപയോഗിക്കാം. ഇവിടെ രണ്ടർഥവും സാധുവാകുന്നതാണ്. എങ്കിലും തുടർന്ന് عَلَى ٱلنَّاسِ (ജനങ്ങൾക്കുമീതെ) എന്ന് പറയുന്നതിനാൽ ജനങ്ങളിൽ ഏറ്റം പരിശുദ്ധനും മഹത്വവുമുള്ളവനുമായി തെരഞ്ഞെടുത്തു എന്ന അർഥമാണ് കൂടുതൽ സന്ദർഭോചിതം. അല്ലാഹുവിനെ കാണണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും അതു നടക്കാത്ത കാര്യമാണെന്നു കണ്ട് പശ്ചാത്തപിക്കുകയും ചെയ്ത മൂസാ(അ) യെ അല്ലാഹു സാന്ത്വനിപ്പിക്കുകയാണ്. എന്നെ കാണാൻ കഴിഞ്ഞില്ല എന്നത് ഒരു കുറവായി കണക്കാക്കേണ്ട. എന്നോട് നേരിട്ട് സംസാരിച്ചു എന്നതും എന്റെ ദൂതനായി നിയോഗിക്കപ്പെട്ടു എന്നതും തന്നെ നിന്റെ മഹത്വം മറ്റു മനുഷ്യരേക്കാൾ എത്രയോ ഉയർത്തിയിരിക്കുന്നു. ഞാൻ നൽകുന്ന സന്മാർഗനിർദേശങ്ങളെ കണിശമായി പിന്തുടർന്നുകൊണ്ട് എന്നോട് നന്ദികാണിക്കുകയാണ് ഇനി നീ ചെയ്യേണ്ടത്. എന്റെ സന്മാർഗദർശനം തന്നെ നിന്നെ സംബന്ധിച്ചേടത്തോളം വളരെ വലിയ അനുഗ്രഹമായി മനസ്സിലാക്കി എന്നെ നേരിൽ കാണുകയെന്ന അഭിലാഷം കൈവെടിയണമെന്ന ധ്വനിയും ഈ വാക്യത്തിലുണ്ട്.

**145:** ചതുരാകൃതിയിലുള്ള മരപ്പലകയാണ് لوح . അതിന്റെ

ബഹുവചനം الواح . ഫലകം എന്ന അർഥത്തിലും ഉപയോഗിക്കുന്നു. മൂസാ നബിക്ക് അല്ലാഹു എഴുതിക്കൊടുത്ത ഫലകങ്ങൾ കല്ലിന്റേതായിരുന്നുവെന്നാണ് ബൈബിളിലുള്ളത്. രണ്ടു ഫലകമായിരുന്നു ഉണ്ടായിരുന്നതെന്നും അതിൽ കാണുന്നു. مِن كُلِّ شَيْءٍ مَّوْعِظَةً وَتَفْصِيلًا لِّكُلِّ شَيْءٍ എന്നതിന്റെ പദാനുപദ തർജമ 'എല്ലാ കാര്യത്തിനും വേണ്ട എല്ലാ സംഗതികളിൽനിന്നുമുള്ള ഉപദേശവും വിശദീകരണവുമായി' എന്നാണ്. ഈ വാക്യത്തിലെ من ഭാഗികതാ -تبعيض സൂചകവും مَّوْعِظَةً وَتَفْصِيلًا രണ്ട് അവസ്ഥാ സൂചകങ്ങളും -حال- ആയിട്ടാണ് ഭാഷാ പണ്ഡിതന്മാർ അപഗ്രഥിച്ചിട്ടുള്ളത്. നാം എഴുതി എന്നതിന്റെ കർമം നിരുക്തമാണ്. ഇതനുസരിച്ച് വാക്യത്തിന്റെ പൂർണരൂപം كتبناله بعضا من كل شيء موعظة وتفصيلا لكل شيء എന്നാകും. എല്ലാ സംഗതികളെയും സ്പർശിക്കുന്ന ചില ഉപദേശങ്ങളാലും എല്ലാ കാര്യങ്ങളുടെയും വിശദീകരണത്താലും എന്നർഥം. അതായത് ജീവിതത്തിന്റെ എല്ലാ തുറകൾക്കും ആവശ്യമായ മൗലിക നിർദേശങ്ങളും നിയമങ്ങളും, സകല കാര്യങ്ങളും വിശദമായി മനസ്സിലാക്കാനുള്ള മൗലിക ജ്ഞാനവും ഉൾക്കൊള്ളുന്നതാണ് അല്ലാഹു എഴുതിക്കൊടുത്ത ഫലകങ്ങൾ. ഈ ഫലകങ്ങൾ തൗറാത്തിന്റെ ഭാഗമായിരുന്നു. യാഥാർഥ്യങ്ങൾ ഗ്രഹിക്കാൻ സഹായിക്കുന്ന മൗലിക വിവരങ്ങളും വിധിവിലക്കുകളെ വേർതിരിച്ചു കാണിക്കുന്ന ഉപദേശ നിർദേശങ്ങളും എല്ലാ വേദങ്ങളുടെയും ആകത്തുകയാണ്. ഖുർആനിന്റെയും അവസ്ഥ ഇതുതന്നെ. ഖുർആനെക്കുറിച്ച് അല്ലാഹു പറയുന്നു: يَـٰٓأَيُّهَا ٱلنَّاسُ قَدْ جَآءَتْكُم مَّوْعِظَةٌ مِّن رَّبِّكُمْ وَشِفَآءٌ لِّمَا فِى ٱلصُّدُورِ (അല്ലയോ മനുഷ്യരേ, വിധാതാവിങ്കൽനിന്നുള്ള ഉപദേശവും ഹൃദയങ്ങളിലുള്ള വ്യാധികൾക്ക് ശമനവും നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു-10:57).

هَـٰذَا بَيَانٌ لِّلنَّاسِ وَهُدًى وَمَوْعِظَةٌ لِّلْمُتَّقِينَ (ഇതു മനുഷ്യർക്കാകമാനമുള്ള വിളംബരമാകുന്നു. അല്ലാഹുവിനോട് ഭക്തിയുള്ളവർക്ക് സന്മാർഗദർശനവും ഉപദേശവും-3:138). وَلَقَدْ جِئْنَـٰهُم بِكِتَـٰبٍ فَصَّلْنَـٰهُ عَلَىٰ عِلْمٍ (നാം ജ്ഞാനത്തെ ആധാരമാക്കി വിശദീകരിച്ചിട്ടുള്ള ഒരു വേദം തീർച്ചയായും അവർക്കെത്തിച്ചിരിക്കുന്നു-7:52). كِتَـٰبٌ أُحْكِمَتْ ءَايَـٰتُهُۥ ثُمَّ فُصِّلَتْ مِن لَّدُنْ حَكِيمٍ خَبِيرٍ (സൂക്തങ്ങൾ സുഭദ്രമാക്കപ്പെട്ടതും പിന്നെ അഭിജ്ഞനും അഗാധജ്ഞനുമായവങ്കൽനിന്ന് വിശദീകരിക്കപ്പെട്ടതുമായ വേദം-11:1). ലോകത്തുള്ള സകല നിയമങ്ങളും സകല കാര്യങ്ങളെക്കുറിച്ചുള്ള വിശദീകരണവും വേദം ഉൾക്കൊള്ളുന്നു എന്ന അർഥത്തിലല്ല ഇങ്ങനെ പറയുന്നത്. വേദങ്ങളുടെ വിഷയം ആധ്യാത്മിക ജ്ഞാനവും ധാർമിക നിയമങ്ങളുമാണ്. ഈ രണ്ടു സംഗതികളിലുമുള്ള എല്ലാ മൗലികമായ യാഥാർഥ്യങ്ങളും നിയമങ്ങളുമാണ് അതുൾക്കൊള്ളുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും യാഥാർഥ്യമെന്തെന്ന് വിശദീകരിക്കുകയും ആ യാഥാർഥ്യത്തെ സ്വജീവിതത്തിലൂടെ സാക്ഷാത്കരിക്കാൻ പാലിക്കേണ്ട വിധിവിലക്കുകളേതൊക്കെയെന്ന് വിശദീകരിക്കുകയും ഉപദേശിക്കുകയുമാണ് വേദങ്ങൾ ചെയ്യുന്നത്.

ഫലകങ്ങളിൽ പ്രസിദ്ധമായ പത്തുകൽപനകൾ മാത്രമായിരുന്നു ഉണ്ടായിരുന്നതെന്നും മറ്റു നിയമങ്ങളെല്ലാം വേറെ വെളിപാടുകളായാണ് മൂസാ(അ)ക്ക് ലഭിച്ചതെന്നുമാണ് പൊതുവിൽ കരുതപ്പെടുന്നത്. ഫലകങ്ങൾ രണ്ടേ ഉണ്ടായിരുന്നുള്ളൂ എന്ന അടിസ്ഥാനത്തിലാണിത്. ബൈബിളിൽ രണ്ടു ഫലകം എന്നു പറയുന്നുണ്ടെങ്കിലും ഖുർആൻ 'ഫലകങ്ങൾ' എന്ന് ബഹുവചനമാണ് ഉപയോഗിച്ചിട്ടുള്ളത്. അറബി ഭാഷയിൽ രണ്ടിൽ കൂടുതലുള്ളതിനാണ് ബഹുവചനമുപയോഗിക്കുക. ആ നിലക്ക് ഫലകങ്ങൾ കുറേയെണ്ണമുണ്ടായിരിക്കാൻ സാധ്യതയുണ്ട്. ഏഴെണ്ണമുണ്ടായിരുന്നുവെന്നും അതല്ല പത്തെണ്ണമുണ്ടായിരുന്നുവെന്നും നിവേദനങ്ങളുണ്ട്. ഫലകങ്ങൾ മരതകം കൊണ്ടുള്ളതായിരുന്നുവെന്നും മാണിക്യം കൊണ്ടുള്ളതായിരുന്നുവെന്നുമൊക്കെ ചില നിവേദനങ്ങളിൽ കാണുന്നു. എന്നാൽ ഫലകങ്ങളുടെ എണ്ണത്തെക്കുറിച്ചും ധാതുവിനെക്കുറിച്ചുമുള്ള നിവേദനങ്ങളൊന്നും അവലംബാർഹങ്ങളല്ല. രണ്ടു ഫലകങ്ങളുടെ രണ്ടു പുറങ്ങളിലും എഴുതിയിരുന്നതായും ബൈബിൾ സൂചിപ്പിക്കുന്നുണ്ട്. അങ്ങനെയാണെങ്കിലും പത്തുകൽപനകൾ കൂടാതെ വേറെ പല നിർദേശങ്ങളും അതിലുണ്ടാകാവുന്നതാണ്.

'നാം അദ്ദേഹത്തിന് ഫലകങ്ങളിൽ എഴുതിക്കൊടുത്തു' - وَكَتَبْنَا لَهُۥ فِى ٱلْأَلْوَاحِ - എന്നാണ് ഖുർആൻ പറയുന്നത്. ഇത് അല്ലാഹു നേരിട്ട് എഴുതിക്കൊടുത്തതാവാം, മലക്കുകളെക്കൊണ്ട് എഴുതിച്ചുകൊടുത്തതാവാം, അല്ലാഹു പറഞ്ഞുകൊടുത്ത് മൂസാനബിയെക്കൊണ്ട് എഴുതിച്ചതുമാകാം. യഥാർഥ രൂപം എന്താണെന്ന് നിർണയിക്കാൻ സഹായിക്കുന്ന പ്രമാണങ്ങളൊന്നുമില്ല. ഏതു രൂപത്തിനും 'അല്ലാഹു എഴുതി' എന്ന വാക്യം സാധുവാകും. കാരണം അത് എങ്ങനെ എഴുതിയാലും അതിനുള്ള തീരുമാനവും ശക്തിയും അല്ലാഹുവിന്റേതാണ്. വിശുദ്ധ ഖുർആൻ സംരക്ഷിക്കപ്പെടുന്നത് പ്രവാചകന്റെ, ശിഷ്യന്മാരുടെ, അനന്തരം സമുദായത്തിന്റെ പിൻതലമുറകളുടെ കൈകളിലൂടെയാണല്ലോ. അതേപ്പറ്റി അല്ലാഹു പറയുന്നത് 'ഞാനാണതിനെ സംരക്ഷിക്കുന്നത്' -إِنَّا لَهُۥ لَحَـٰفِظُونَ- എന്നാണ്. ദൈവിക വചനങ്ങൾ മൂസാ(അ) തന്നെ എഴുതി എന്നാണ് ബൈബിൾ ഒരിടത്ത് സൂചിപ്പിക്കുന്നത്: "മോശെ ജനങ്ങളുടെ അടുത്തുചെന്ന് കർത്താവിന്റെ വാക്കുകളും പ്രമാണങ്ങളും അറിയിച്ചു. അപ്പോൾ ജനങ്ങളെല്ലാം ഏകസ്വരത്തിൽ മറുപടി നൽകി. കർത്താവ് കൽപിച്ച വചനങ്ങളെല്ലാം ഞങ്ങൾ അനുസരിക്കും. മോശെ കർത്താവിന്റെ വചനങ്ങളെല്ലാം രേഖപ്പെടുത്തി" (പുറപ്പാട് 24:3,4). മറ്റൊരിടത്ത് ഫലകങ്ങൾ നിർമിച്ചതും അതിൽ എഴുതിയതും ദൈവമാണെന്നും പറയുന്നുണ്ട്: "മോശെ കൈയിൽ ആ രണ്ടു സാക്ഷ്യപ്പലകകളുമായി പർവതത്തിൽനിന്ന് ഇറങ്ങി. ആ കൽപലകകളുടെ രണ്ടുവശത്തും എഴുത്തുണ്ടായിരുന്നു. കൽപലകകൾ ദൈവനിർമിതമായിരുന്നു. കൽപലകകളിൽ കൊത്തിയിരുന്ന എഴുത്തും ദൈവത്തിന്റേത് ആയിരുന്നു" സ്വജനം ഗോപൂജകരായി മാറിയതിൽ ക്ഷുഭിതനായി മൂസാ(അ) കൈയിലുണ്ടായിരുന്ന വേദഫലകങ്ങൾ എറിഞ്ഞുടച്ചപ്പോൾ ദൈവം പറഞ്ഞതായി പുറപ്പാട് 34:1 - ൽ പറയുന്നു: "കർത്താവ് വീണ്ടും മോശെയോട് അരുൾചെയ്തു: മുമ്പത്തേതുപോലുള്ള രണ്ടു കൽപലകകൾ വെട്ടിയെടുക്കുക. നീ പൊട്ടിച്ചുകളഞ്ഞ ആദ്യത്തെ പലകകളിലുണ്ടായിരുന്ന വാക്കുകൾ ഞാൻ അവയിൽ എഴുതിത്തരാം." ഇതനുസരിച്ച് കൽപലകകളുണ്ടാക്കി സീനാ മലയിലെത്തിയ മൂസയോട് ദൈവം പറയുന്നു: "ഈ വാക്കുകൾ എഴുതിക്കൊൾക. ഈ വാക്കുകൾക്ക് അനുസൃതമായി ഞാൻ നിന്നോടും ഇസ്രായേലിനോടും ഉടമ്പടി ചെയ്തിരിക്കുന്നു. മോശെ നാൽപതു രാവും നാൽപതു പകലും ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും അവിടെ കർത്താവിനോടൊപ്പം കഴിഞ്ഞു. മോശെ കൽപലകകളിൽ ഉടമ്പടി വാക്യങ്ങൾ അതായത് പത്തുകൽപനകൾ എഴുതി" (പുറപ്പാട് 34:27,28). ബൈബിൾ, ആദ്യത്തെ ഫലകത്തിലെയും അത് ഉടഞ്ഞശേഷം രണ്ടാമതുണ്ടാക്കിയ ഫലകത്തിലെയും എഴുത്തിനെ അല്ലാഹുവിലേക്കും മൂസായിലേക്കും ചേർത്ത് പറഞ്ഞിരിക്കുകയാൽ എഴുതുക എന്ന ക്രിയയുടെ യഥാർഥ കർത്താവ് ആരെന്ന് വ്യക്തമാകുന്നില്ല. ഖുർആനാകട്ടെ, മൂസാ(അ) ഫലകം നിലത്തെറിഞ്ഞു എന്നല്ലാതെ അത് ഉടഞ്ഞുപോയതായോ വീണ്ടും ഫലകമുണ്ടാക്കി എഴുതിയതായോ പറയുന്നില്ല.

മൂസാ(അ)ക്ക് ലഭിച്ച ഫലകങ്ങളിൽ എഴുതപ്പെട്ടിരുന്നതായി ഇസ്രാഈല്യർ കരുതുന്ന പത്തു കൽപനകൾ ഇവയാണ്: "നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഈജിപ്ത് ദേശത്തുനിന്ന്, അടിമഭവനത്തിൽനിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടു

വന്നവൻ. ഞാനല്ലാതെ മറ്റു ദേവന്മാർ നിനക്കുണ്ടാവരുത്. ഒരു വിഗ്രഹവും നിനക്കായി ഉണ്ടാക്കരുത്. മുകളിൽ സ്വർഗത്തിലുള്ളതോ താഴെ ഭൂമിയിലുള്ളതോ ഭൂമിക്കടിയിൽ വെള്ളത്തിലുള്ളതോ ആയ യാതൊന്നിന്റെയും ബിംബം ഉണ്ടാക്കരുത്. നീ അവക്കു മുമ്പിൽ തലകുനിക്കുകയോ അവയെ സേവിക്കുകയോ അരുത്. ഞാൻ നിന്റെ ദൈവമായ കർത്താവ്, അസഹിഷ്ണുവായ ദൈവം ആകുന്നു. എന്നെ വെറുക്കുന്നവരുടെ ദുഷ്ടതക്ക് മൂന്നും നാലും തലമുറവരെയുള്ള സന്തതിപരമ്പരകളോടു പകവീട്ടുന്നവൻ. എന്നാൽ എന്നെ സ്നേഹിക്കുകയും എന്റെ പ്രമാണങ്ങൾ കാത്തു പാലിക്കുകയും ചെയ്യുന്നവരുടെ ആയിരം തലമുറകളോടു ഞാൻ അചഞ്ചല സ്നേഹം കാണിക്കും.

നീ നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ പ്രയോഗിക്കരുത്. തന്റെ നാമം വൃഥാ പ്രയോഗിക്കുന്നവനെ കർത്താവ് ശിക്ഷിക്കാതെ വിടില്ല.

ശാബത്ത് ദിവസം ഓർമിച്ച് പാവനമായി ആചരിക്കുക. ആറു ദിവസം നിനക്ക് നിന്റെ ജോലികളെല്ലാം ചെയ്യാം. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിനുള്ള ശാബത്ത് ആകുന്നു. അന്ന് നീയോ നിന്റെ പുത്രനോ പുത്രിയോ ദാസനോ ദാസിയോ മൃഗങ്ങളോ നിന്റെ പടിക്കകത്തു പ്രവേശിക്കുന്നവനോ ഒരു ജോലിയും ചെയ്യരുത്. കർത്താവ് ആറു ദിവസം കൊണ്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലതും സൃഷ്ടിച്ചിട്ട് ഏഴാം ദിവസം വിശ്രമിച്ചുവല്ലോ. അതുകൊണ്ട് കർത്താവ് ശാബത്ത് നാളിനെ അനുഗ്രഹിച്ചു പവിത്രീകരിച്ചു.

നിന്റെ ദൈവമായ കർത്താവ് നിനക്കു തരുന്ന ദേശത്ത് ദീർഘകാലം ജീവിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക.

നീ കൊല്ലരുത്.
നീ വ്യഭിചരിക്കരുത്.
നീ മോഷ്ടിക്കരുത്.
നിന്റെ അയൽക്കാരന് എതിരെ നീ കള്ളസാക്ഷി ആകരുത്.
നീ അയൽക്കാരന്റെ ഭവനം മോഹിക്കരുത്.
അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുത്.
അയൽക്കാരന്റെ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ മറ്റെന്തിനെയെങ്കിലുമോ മോഹിക്കരുത്" (പുറപ്പാട് 20:2-17).

'ഇതിനെ മുറുകെ പിടിക്കുക. അതിനെ ഏറ്റം നന്നായി സ്വീകരിക്കാൻ നിന്റെ ജനത്തോടു കൽപിക്കുകയും ചെയ്യുക.' فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا بِأَحْسَنِهَا - എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: അടിമത്ത ജീവിതം കൊണ്ടും ബഹുദൈവത്വപരമായ വിശ്വാസങ്ങൾ കൊണ്ടും ആത്മീയമായും ഭൗതികമായും മലീമസമായി അധഃപതിച്ച ഒരു ജനതയെ ഉദാത്തവും പവിത്രവുമായ ജനതയാക്കി പുനർനിർമിക്കാനുള്ള അടിസ്ഥാന തത്ത്വങ്ങളാണിത്. ഈ തത്ത്വങ്ങളോട് വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയും ദൃഢനിശ്ചയവും പുലർത്തേണ്ടതുണ്ട്. അനുകൂല സാഹചര്യങ്ങളിൽ മാത്രമല്ല അതികഠിനമായ പ്രതികൂല സാഹചര്യങ്ങളിലും ആ തത്ത്വങ്ങളിലും നിയമങ്ങളിലും തന്നെ ഉറച്ചു നിൽക്കണം. ഒപ്പം സ്വജനത്തെ ബോധവൽക്കരിക്കുകയും വേണം. മറ്റു ജനതകൾ ആചരിച്ചുവരുന്ന വിഗ്രഹാരാധനയേക്കാളും ധാർമിക-സദാചാര മൂല്യങ്ങളിൽനിന്ന് അന്യമായ പാരമ്പര്യ നിയമങ്ങളേക്കാളും ഉത്കൃഷ്ടവും സൗഭാഗ്യദായകവുമായ തത്ത്വങ്ങളും നിയമങ്ങളുമാണ് ഈ പ്രമാണത്തിലുള്ളത്. അതുകൊണ്ട് അവയെ ഏറ്റം നന്നായി പിൻപറ്റുകയാണെങ്കിൽ അവർക്ക് ഈ ലോകത്തും പരലോകത്തും വിജയം നേടാം. فَخُذْهَا (അതിനെ പിടിക്കുക) എന്ന് പറഞ്ഞിടത്തെ اخذ (പിടുത്തം) കൊണ്ടുള്ള വിവക്ഷ അതിനെ സ്വീകരിച്ചു സംരക്ഷിക്കുകയും അതിനോട് വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധത പുലർത്തുകയും ചെയ്യുക എന്നാണ്. يَأْخُذُوا بِأَحْسَنِهَا (അവർ അതിനെ നന്നായി പിടിക്കാൻ) എന്നു പറഞ്ഞിടത്ത് اخذ യുടെ കർമത്തിൽ ب എന്ന അക്ഷരം ചേർത്തിട്ടുണ്ട്. അപ്പോൾ അർഥം അതിനെ സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നാകുന്നു. ആദ്യത്തെ فخذ بقوة എന്ന വാക്യത്തിന്റെ അർഥവും അതനുസരിച്ചുള്ള കർമത്തെ സ്വയം അനിവാര്യമാക്കുന്നുണ്ട്. എന്നാൽ രണ്ടാമത്തേത് വിട്ടുവീഴ്ചയില്ലാത്ത പ്രതിബദ്ധതയെയും സംരക്ഷണത്തെയും അനിവാര്യമാക്കുന്നില്ല. ആദ്യത്തെ فَخُذْهَا بِقُوَّةٍ സംബോധന ചെയ്യുന്നത് സാമൂഹിക നേതൃത്വത്തെയും ഭരണകൂടത്തെയുമാണ്. രണ്ടാമത്തേത് പൊതു സമൂഹത്തെയും. بِأَحْسَنِهَا എന്ന വാക്കിനെയാണ് 'അതിനെ ഏറ്റം നന്നായി' എന്ന് തർജമ ചെയ്തിട്ടുള്ളത്. മൂസാ(അ)ക്ക് അല്ലാഹു നൽകിയ കൽപനകളെ അദ്ദേഹത്തിന്റെ ജനം ഏറ്റവും നല്ലനിലയിൽ ആചരിച്ചുകൊള്ളണം എന്നാണ് വാക്യത്തിന്റെ സാന്ദർഭികമായ ആശയം എന്ന നിലക്കാണീ തർജമ. വാക്കിന്റെ ഭാഷാർഥം അതിലെ ഏറ്റവും നല്ലതിനെ അവർ സ്വീകരിക്കാൻ എന്നാണ്. തൗറാത്തിൽ ഏറ്റം നല്ലതല്ലാത്ത കൽപനകളും ഉണ്ടെന്ന ഒരാശയം ചിലർ ഇതിൽനിന്ന് നിർധാരണം ചെയ്യുന്നുണ്ട്. അവരതിനെ വിശദീകരിക്കുന്നതിങ്ങനെയാണ്: അയൽക്കാരന്റെ കാളയെയും കഴുതയെയും മോഹിക്കാതിരിക്കണമെന്നത് നല്ല കൽപനയാണ്. സ്വന്തം കഴുതയെയും കാളയെയും അയൽക്കാരന്റെ ആവശ്യത്തിനു വിട്ടുകൊടുക്കുകയാണ് അതിന്റെ ഏറ്റം നല്ല രൂപം. ഈ രീതിയിൽ വേണം ദൈവകൽപനകളനുസരിക്കാൻ എന്നാണ് يَأْخُذُوا بِأَحْسَنِهَا എന്ന വാക്യത്തിലൂടെ അനുശാസിക്കുന്നത്. വിശുദ്ധ ഖുർആനിലെ തത്ത്വങ്ങളെ സംബന്ധിച്ചും ഇങ്ങനെ അനുശാസിച്ചിട്ടുണ്ട്: وَاتَّبِعُوا أَحْسَنَ مَا أُنزِلَ إِلَيْكُم مِّن رَّبِّكُم (നിങ്ങളുടെ നാഥങ്കൽനിന്ന് നിങ്ങൾക്ക് അവതരിച്ചുകിട്ടിയ ഏറ്റവും നല്ലതിനെ പിന്തുടരുവിൻ-*അസ്സുമർ* 55). വേദത്തിൽ അവതരിച്ചിട്ടുള്ളതെല്ലാം ധർമസാരവും പരമസത്യവുമാണ്. അത് നടപ്പിലാക്കപ്പെടുന്ന രീതിയാണ് അത്യുത്കൃഷ്ടവും ഉത്കൃഷ്ടവും അപകൃഷ്ടവുമൊക്കെ ആകുന്നത്.

بالاحسن الذي هو لها وهو جميع ما فيها - അതിലുള്ളതായ ഏറ്റവും നല്ലതിനെ; അത് അതിലുള്ളതൊക്കെയുമാകുന്നു- എന്നാണ് ചില മുഫസ്സിറുകൾ വ്യാഖ്യാനിച്ചിട്ടുള്ളത്. മറ്റുജനതകൾ പിന്തുടർന്നു വരുന്നതായി ഇസ്രാഈല്യർ കണ്ടിട്ടുള്ള വിഗ്രഹാരാധനയോടും മറ്റ് അന്ധവിശ്വാസങ്ങളോടും താരതമ്യം ചെയ്യുമ്പോൾ, അവയെ അപേക്ഷിച്ച് അത്യുത്കൃഷ്ടമാണ് തൗറാത്തി ധർമങ്ങളെന്നും അതിനാൽ അവയെ പിന്തുടരണമെന്നു ജനങ്ങളോടാവശ്യപ്പെടണമെന്നാണ് ഈ വാക്യത്തിന്റെ താൽപര്യമെന്നാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയുടെ അഭിപ്രായം.

'അടുത്ത ഭാവിയിൽ നിങ്ങൾക്ക് ഞാൻ ധിക്കാരികളുടെ ഗേഹം കാണിച്ചുതരുന്നുണ്ട്.' - سَأُورِيكُمْ دَارَ الْفَاسِقِينَ - എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: ഇനി നിങ്ങൾക്ക് അവിശ്വാസികളും അധർമികളുമായ പല ജനതകളിലൂടെ കടന്നുപോകേണ്ടതുണ്ട്. ഈ സഞ്ചാരത്തിനിടയിൽ നിങ്ങൾ വഴിതെറ്റാതെയും സത്യനിഷേധികളുടെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അകപ്പെട്ടുപോകാതെയും രക്ഷപ്പെടാനും നിങ്ങൾ ആ ജനതകളേക്കാൾ ശക്തരും സംസ്കാരസമ്പന്നരും ജേതാക്കളുമായിത്തീരാനും അല്ലാഹു മൂസാനബിക്ക് നൽകിയ ഈ പ്രമാണ ഫലകങ്ങളെ മുറുകെപ്പിടിക്കുകയും കണിശമായി പിന്തുടരുകയും ചെയ്യേണ്ടതുണ്ട്. ഇനിയുള്ള ജീവിതയാത്രയിൽ നിങ്ങളുടെ കൈവശമുണ്ടായിരിക്കേണ്ട ഏറ്റവും വിലപ്പെട്ട പാഥേയം ഈ പ്രമാണങ്ങളാണ്

ഈ വാക്യത്തിന് വേറെയും വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്: ഒന്ന് ഇങ്ങനെ: ചെങ്കടലിൽ മുങ്ങി നശിച്ച

ഫറവോനികളുടെ ശവങ്ങൾ സീനായ് തീരത്ത് വന്നടിഞ്ഞിരുന്നു. തൗറാത്ത് നൽകിയതോടൊപ്പം ആ ശവങ്ങൾ ചെന്നുകാണാൻ അല്ലാഹു ഇസ്രാഈല്യരോട് നിർദേശിച്ചു. ഇസ്രാഈല്യർ അതുപോയിക്കാണുകയും ചെയ്തു. അതാണ് വാക്യം സൂചിപ്പിക്കുന്നത്. മറ്റൊരു വ്യാഖ്യാനം ഇങ്ങനെയാണ്: ഇസ്രാഈല്യരുടെ മരുഭൂപ്രസ്ഥാനത്തിന്റെ തുടക്കമാണിവിടെ സൂചിപ്പിക്കുന്നത്. ഈ യാത്രയിൽ ആദ്, സമൂദ് തുടങ്ങി ദൈവധിക്കാരം മൂലം നശിച്ചുപോയ നിരവധി സമൂഹങ്ങളുടെ ആവാസകേന്ദ്രങ്ങളിലൂടെ കടന്നുപോവുകയും അവരുടെ ദാരുണമായ പര്യവസാനങ്ങൾ കണ്ടു മനസ്സിലാക്കുകയും ചെയ്തു. പ്രവാചകനെയും അദ്ദേഹത്തിലൂടെ ലഭിച്ച ശരീഅത്തിനെയും ധിക്കരിച്ചാൽ തങ്ങളുടെ പര്യവസാനവും ഇതുതന്നെയായിരിക്കുമെന്ന് അവരെ പഠിപ്പിക്കുകയായിരുന്നു അല്ലാഹു. ഒടുവിൽ അവരെ സത്യനിഷേധികളായ ഫിലസ്ത്യരുമായി ഏറ്റുമുട്ടിച്ചു. ഫിലസ്ത്യർ അവരുടെ കൈയാൽ പരാജിതരായി. ഫലസ്ത്വീനിന്റെ ആധിപത്യം ഇസ്രാഈല്യരുടെ കൈകളിലണഞ്ഞു. ■